# സംസ്കാര പ്രവാഹത്തിന്റെ അഴിമുഖം

ഡോ. സി.കെ രാമചന്ദ്രൻ

**മതങ്ങളുടെ** ചരിത്രത്തിൽ മുഹമ്മദ് നബിക്കും ഇസ്‌ലാമിനും പ്രത്യേക പ്രാധാന്യമുണ്ട്. നബിതിരുമേനിയെ അന്തിമ പ്രവാചകൻ എന്നു പറയുന്നതിന് സാംസ്കാര ചരിത്രത്തിന്റെ ദൃഷ്ടിയിൽ മഹത്തായ അർഥമാണുള്ളത്. സംഘടിത മതങ്ങളുടെ രംഗപ്രവേശനം ഇസ്‌ലാമോടെ അവസാനിക്കുന്നതായി കാണാം. മനുഷ്യന്റെ വളർച്ചയുടെ ശ്രേഷ്ഠമായ ഒരധ്യായത്തിന്റെ പര്യവസാനമായിരുന്നു പ്രവാചകനായ നബി കുറിച്ചത്. മറ്റുതരത്തിൽ പറഞ്ഞാൽ സംസ്കാര പ്രവാഹത്തിന്റെ അഴിമുഖം.

നബിതിരുമേനിയെ അന്തിമ പ്രവാചകൻ എന്നു പറയുന്നതിന് സാംസ്കാര ചരിത്രത്തിന്റെ ദൃഷ്ടിയിൽ മഹത്തായ അർഥമാണുള്ളത്. സംഘടിത മതങ്ങളുടെ രംഗപ്രവേശനം ഇസ്‌ലാമോടെ അവസാനിക്കുന്നതായി കാണാം. മനുഷ്യന്റെ വളർച്ചയുടെ ശ്രേഷ്ഠമായ ഒരധ്യായത്തിന്റെ പര്യവസാനമായിരുന്നു പ്രവാചകനായ നബി കുറിച്ചത്. മറ്റുതരത്തിൽ പറഞ്ഞാൽ സംസ്കാര പ്രവാഹത്തിന്റെ അഴിമുഖം.

അതു സംഭവിച്ചതാകട്ടെ മരുഭൂമിയിലും. അതുകൊണ്ടുതന്നെ പ്രത്യേക പ്രാധാന്യവും അതിന് കൽപിക്കാവുന്നതാണ്. മനുഷ്യഹൃദയം സ്നേഹശൂന്യവും അന്ധകാര നിബിഡവുമായിത്തീരുമ്പോഴാണ് അത് സാംസ്കാരികമായി മരുഭൂമിയായി മാറുന്നത്. മനുഷ്യചരിത്രത്തിൽ അവന്റെ ചിന്തകളിലും ചെയ്തികളിലും നിന്നുണ്ടാകുന്ന മരുഭൂമിയുടെ ആക്രമണത്തെ തടഞ്ഞുനിർത്താനുള്ള മഹനീയമായ ഒരു പരിശ്രമമാണ് അറേബ്യാ മണലാരണ്യത്തിൽവെച്ച് നബി തിരുമേനി ഉദ്ഘാടനം ചെയ്തത്. ഇന്നും മനുഷ്യഹൃദയങ്ങളിലേക്ക് മരുഭൂമിയുടെ ആക്രമണം ഉണ്ടാകുമ്പോൾ കുളിർമയും പച്ചയുമായി അരികുപറ്റി പടർന്നുകയറാൻ ആ പഴയ സാഹോദര്യ ചിന്തക്ക് കഴിയുന്നു എന്നതുതന്നെ എന്നും മനുഷ്യരാശിക്ക് ഒരനുഗ്രഹമാണ്.

ഖുർആൻ എന്ന നിത്യനൂതനമായ ഈശ്വരസന്ദേശം മനുഷ്യവർഗത്തിന് നൽകാൻ തിരഞ്ഞെടുക്കപ്പെട്ട ഇടയനായിരുന്നു പ്രവാചകൻ. അതേ പരിശുദ്ധ ഖുർആൻ പ്രവാചകനെ കാണുന്നതുപോലെ അദ്ദേഹത്തെ കാണാനും അറിയാനും മനുഷ്യൻ സന്നദ്ധനാവണം എന്നതുതന്നെയാണ് മറ്റൊരു വശം.

ആദ്യമായി നബിതിരുമേനിയുടെ ദൗത്യത്തെപ്പറ്റി ഖുർആൻ എന്തുപറയുന്നു എന്നു നോക്കാം. “ഭൂമിയിൽ അടിച്ചമർത്തപ്പെട്ടവർക്ക് നന്മനൽകാനും അവരെ നേതാക്കളും അനന്തരാവകാശികളുമാക്കാനുമാണ് നാം ഉദ്ദേശിക്കുന്നത്” (ഖുർആൻ: 28:5).

താങ്കളെ അനാഥനായി കാണുകയും അപ്പോൾ (താങ്കളുടെ നാഥൻ) അഭയമേകുകയും ചെയ്തില്ലേ? താങ്കളെ വഴിയറിയാത്തവനായി കാണുകയും അപ്പോൾ നേർ വഴിയരുളുകയും ചെയ്തില്ലയോ? താങ്കളെ നിർധനനായി കാണുകയും അപ്പോൾ സമ്പന്നനാക്കുകയും ചെയ്തില്ലയോ? (ഖുർആൻ: 93: 6–8)

ഇതിൽ കൂടുതൽ ഖുർആൻ നബിയുടെ ദൗത്യത്തെ എങ്ങനെയാണ് മനുഷ്യന് മനസ്സിലാക്കിത്തരേണ്ടത്?!

“ഭൂമിയിൽ നിങ്ങളെ പ്രതിനിധികളാക്കിയിരിക്കുന്നു നാം” എന്ന് ഖുർആൻ പറയുന്നു. ഇതിലധികം മനുഷ്യനെ എങ്ങനെയാണ് സർവശക്തൻ അനുഗ്രഹിക്കുക. അതേസമയം ഒരു ചോദ്യവും ഉയരുന്നു: “മനുഷ്യന്റെ മേൽ അവൻ പ്രസ്താവയോഗ്യമായ വസ്തുവേ അല്ലായിരുന്ന ഒരു നീണ്ട കാലഘട്ടം കടന്നുപോയിട്ടില്ലയോ?” (ഖുർആൻ: 76:1). അത്തരത്തിലുള്ള ഒരു ഘട്ടം പലർക്കും പലപ്പോഴും തരണം ചെയ്യേണ്ടതായി വരും. മറ്റൊരു രീതിയിൽ പറഞ്ഞാൽ തമോമയ പ്രപഞ്ചത്തിലേക്ക് നന്മയുടെ വജ്രസൂചി പ്രവേശിക്കുമ്പോലെയാണ് അത്. അവിടെ നിന്നും അവനെ ആദ്യവസാനം മോചിപ്പിച്ചാണ് ഉയർത്തേണ്ടത്. ഈ മോചനത്തിന്റെ പാതയാണ് ദൈവ വചനങ്ങൾ.

വിശ്വഗുരുവിനെയാണ് നാം ഇവിടെ നബിതിരുമേനിയിൽ കാണുന്നത്. ഭാരതീയ പാരമ്പര്യത്തിൽ ആചാര്യന്നും ഗുരുവിന്നും വ്യത്യസ്ത സ്ഥാനങ്ങളും പദവികളുമാണ്. ആചാര്യൻ ജ്ഞാനമാർഗം അവലംബിക്കുന്നു. ഗുരുവാകട്ടെ ആത്മനിഷ്ഠമായ സ്വാധ്യയനം നിർവഹിച്ച് മഹോന്നതമായ പദവിയിലെ

ത്തുന്നു.

നബിതിരുമേനിയുടെ ആദർശനിഷ്ഠയെപ്പറ്റി ധാരാളം പ്രസ്താവങ്ങൾ ഉണ്ട്. എങ്കിലും ഇതിനെ സൂചിപ്പിക്കുന്ന ഒരു ഖുർആൻ വചനം ഇതാ: "നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്കെന്റെ മതം" (ഖുർആൻ 109:6). ആദർശത്തിൽ വിട്ടുവീഴ്ച എന്നെന്നേക്കുമായുള്ള ഒരു വീഴ്ചയാണെന്ന് സ്പഷ്ടമാക്കുന്നതാണിത്. ചില പ്രലോഭനങ്ങളിലൂടെ അന്നത്തെ നേതാക്കൾ നബിതിരുമേനിയെ തന്റെ ആദർശത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ ശ്രമിച്ചു. അതും അദ്ദേഹത്തിന്റെ ഏകാശ്രയമായിരുന്ന രക്ഷിതാവ് അബൂത്വാലിബ് വഴിയായിരുന്നുതാനും. നബി തുറന്നു പറഞ്ഞു: "എന്റെ വലം കൈയിൽ സൂര്യനേയും ഇടംകൈയിൽ ചന്ദ്രനേയും വച്ചുതന്നാൽ പോലും ഈ ദൗത്യം ഞാൻ ഉപേക്ഷിക്കുകയില്ല. ജീവൻ നഷ്ടപ്പെട്ടാലും" എന്ന്.

എല്ലാ നന്മയുടെയും ഉറവിടം ദൈവമാണ്. ആര് എത്രതന്നെ നല്ലവരായാലും അതിന് സ്തുതിപറയേണ്ടത് സർവശക്തനോട് മാത്രമാണ്. ഖുർആൻ വാക്യം നോക്കുക: "പ്രവാചകരേ, താങ്കൾ വളരെ സൗമ്യശീലനായത് അല്ലാഹുവിങ്കൽ നിന്നുള്ള മഹത്തായ ഒരു അനുഗ്രഹമായിരുന്നു. താങ്കൾ കഠിനഹൃദയനായ പരുഷപ്രകൃതനായിരുന്നുവെങ്കിൽ താങ്കളുടെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞുപോയതുതന്നെ. അവരുടെ തെറ്റുകൾ പൊറുക്കുക. അവരുടെ പാപമുക്തിക്കായി പ്രാർഥിക്കുക' (ഖുർആൻ 3:159).

നബി തിരുമേനി ആദ്യമെല്ലാം മറ്റു കുബുദ്ധികളുടെ പരിഹാസപാത്രമായിരുന്നു. അദ്ദേഹം പോകുന്ന വഴിയിൽ നോക്കിനിന്ന് ശകാരിക്കുന്നവരുണ്ടായിരുന്നു. ഒരു ദിവസം പതിവായി ശകാരം വർഷിക്കാറുള്ള ഒരു പെണ്ണിനെ കണ്ടില്ല. തിരക്കിയപ്പോൾ അവൾ രോഗം പിടിപെട്ട് കിടപ്പിലാണെന്ന് അറിഞ്ഞു. വീടു കണ്ടുപിടിച്ച് അവളെ സന്ദർശിക്കുകയാണ് നബി തിരുമേനി ചെയ്തത്.

നബി തികച്ചും വിശ്വസ്തനാണെന്ന് ഉദ്ഘോഷിക്കുന്നത് മറ്റാരുമല്ല; ഖുർആൻ വചനം തന്നെയാണ് (ഖുർആൻ 81:21). പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പുതന്നെ നബി വിശ്വസ്തനാണെന്നതു മക്ക മുഴുവൻ പ്രസിദ്ധമായിരുന്നു. ജീവിതത്തിൽ കളവു പറയാത്തവനും എന്നും സത്യസന്ധനുമായിരുന്നു അദ്ദേഹം. ഒരിക്കൽ തന്റെ ജനതയോട് അദ്ദേഹം പറഞ്ഞു: "ഈ മലക്കപ്പുറത്ത് നിങ്ങളെ ആക്രമിക്കാൻ ഒരു കുതിരപ്പട തയാറായി നിൽക്കുന്നുണ്ടെന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?" ഒരേ ആരവമാണ് അവരിൽനിന്നുണ്ടായത്: "നീ പറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കാതിരിക്കുമോ?" ●